പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 167 07/03/2018-ൽ മറുപടിക്ക്

## മെഡിക്കൽ വിദ്യാഭ്യാസ നിലവാരം

| ചോദ്യം. | മറുപടി |
|---|---|
| ശ്രീ.കാരാട്ട് റസാഖ്<br>ശ്രീ.ബി.സത്യൻ<br>പ്രൊഫ.കെ.യു.അരുണൻ<br>ശ്രീ.ആന്റണി ജോൺ | കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ മെഡിക്കൽ വിദ്യാഭ്യാസ രംഗത്ത് അധ്യാപകരുടെ കുറവുണ്ടോ; ഇതു കാരണം വൈദ്യവിദ്യാഭ്യാസരംഗത്ത് നിലവാരത്തകർച്ച സംഭവിക്കാതിരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് അറിയിക്കാമോ? | (എ) മെഡിക്കൽ വിദ്യാഭ്യാസ രംഗത്ത് അധ്യാപകരുടെ കുറവ് അനുഭവപ്പെടുന്ന വിഭാഗങ്ങളിൽ സീനിയർ റസിഡന്റ്/ജൂനിയർ റസിഡന്റ് തസ്തികകളിൽ യോഗ്യരായ ഉദ്യോഗാർഥികളെ കരാറടിസ്ഥാനത്തിൽ നിയമിക്കുന്നുണ്ട്. |
| (ബി) സർക്കാർ പുറത്തിറക്കിയ എം.ബി.എസ്.എസ് പ്രവേശനത്തിനുള്ള പ്രോസ്പെക്ടസ് പ്രകാരം, സംസ്ഥാനത്തെ സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ എൻ.ആർ.ഐ സീറ്റുകളും, ന്യൂനപക്ഷ സമുദായങ്ങൾക്ക് സംവരണം ചെയ്തിട്ടുള്ള സീറ്റുകളും ഉൾപ്പെടെ, പൊതുഅലോട്ട്മെന്റ് പ്രക്രിയ വഴി പ്രവേശനം നൽകേണ്ടതിനാൽ, ഇത്തരം സ്ഥാപനങ്ങളിലെ ഫീസ് നിർണ്ണയം പൂർത്തിയായിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ? | (ബി) ഇരുപത് സ്വാശ്രയ മെഡിക്കൽ കോളേജുകളിലേക്കുള്ള 2018-2019 അധ്യയന വർഷത്തെ പ്രവേശനത്തിനുള്ള ഫീസ് നിർണ്ണയം, ഫീസ് നിർണ്ണയ സമിതി പൂർത്തിയാക്കിയിട്ടുണ്ട്. വിശദാംശം അനുബന്ധമായി നൽകിയിരിക്കുന്നു. |
| (സി) ഫീസ് നിർണ്ണയത്തിൽ ഫീസ് നിർണ്ണയ സമിതി കണക്കിലെടുക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; മാനേജ്മെന്റുകൾക്ക് ഫീസ് നിർണ്ണയ പ്രക്രിയ തങ്ങളുടെ താൽപ്പര്യപ്രകാരം വക്രീകരിക്കാനായി എന്തെല്ലാം സംവിധാനങ്ങളാണ് ഉള്ളതെന്ന് അറിയിക്കാമോ? | (സി) 2017 - ലെ ആക്ട് 15 സെക്ഷൻ 11 (1) (2), ഹൈക്കോടതി/സുപ്രീം കോടതികളുടെ മാർഗ്ഗനിർദേശങ്ങൾ, ഓരോ കോളേജിന്റെയും വരവ് ചെലവ് കണക്കുകൾ എന്നിവയുടെ അടിസ്ഥാനത്തിലാണ് ഫീസ് നിർണ്ണയ സമിതി ഓരോ കോളേജിനും ബാധകമായ ഫീസ് നിർണ്ണയിക്കുന്നത്. മാനേജ്മെന്റുകൾക്ക് ഫീസ് നിർണ്ണയ പ്രക്രിയ തങ്ങളുടെ താൽപ്പര്യപ്രകാരം വക്രീകരിക്കാനായി എന്തെങ്കിലും സംവിധാനങ്ങളുള്ളതായി സമിതിയുടേയോ സർക്കാരിന്റെയോ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ

[illegible]

| SL NO | NAME OF THE COLLEGE | 2018-19 | |
|---|---|---|---|
| | | GENERAL | NRI |
| 1 | KMCT MEDICAL COLLEGE, KOZHIKODE | 5,54,000 | 20,00,000 |
| 2 | PUSHPAGIRI INSTITUTE OF MEDICAL SCIENCES AND RESEARCH CENTRE, PATHANAMTHITTA | 5,60,000 | 20,00,000 |
| 3 | AMALA INSTITUTE OF MEDICAL SCIENCES, THRISSUR | 5,60,000 | 20,00,000 |
| 4 | JUBILEE MISSION MEDICAL COLLEGE AND RESEARCH INSTITUTE, THRISSUR | 5,60,000 | 20,00,000 |
| 5 | MALANKARA ORTHODOX SYRIAN CHURCH MEDICAL COLLEGE, ERNAKULAM | 5,60,000 | 20,00,000 |
| 6 | SUT ACADEMY OF MEDICAL SCIENCE, THIRUVANANTHAPURAM | 5,32,000 | 20,00,000 |
| 7 | MOUNT ZION MEDICAL COLLEGE, PATHANAMTHITTA | 5,55,750 | 20,00,000 |
| 8 | TRAVANCORE MEDICAL COLLEGE, KOLLAM | 5,60,000 | 20,00,000 |
| 9 | P K DAS INSTITUTE OF MEDICAL SCIENCES, PALAKKAD | 6,04,000 | 20,00,000 |
| 10 | DM WAYANAD INSTITUTE OF MEDICAL SCIENCES,WAYANAD | 5,99,000 | 20,00,000 |
| 11 | SREE NARAYANA INSTITUTE OF MEDICAL SCIENCES, ERNAKULAM | 6,53,860 | 20,00,000 |
| 12 | S R MEDICAL COLLEGE AND RESEARCH CENTRE, THIRUVANANTHAPURAM | 5,60,000 | 20,00,000 |
| 13 | BELIEVERS CHURCH MEDICAL COLLEGE HOSPITAL, THIRUVALLA | 5,60,000 | 20,00,000 |
| 14 | DR. SOMERVELL MEMORIAL CSI MEDICAL COLLEGE, THIRUVANANTHAPURAM | 5,60,000 | 20,00,000 |
| 15 | MALABAR MEDICAL COLLEGE AND RESEARCH CENTRE, KOZHIKODE | 5,60,000 | 20,00,000 |
| 16 | AZEEZIA INSTITUTE OF MEDICAL SCIENCES AND RESEARCH, KOLLAM | 5,60,000 | 20,00,000 |
| 17 | AL AZHAR MEDICAL COLLEGE AND SUPER SPECIALTY HOSPITAL, THODUPUZHA | 5,60,000 | 20,00,000 |
| 18 | SREE GOKULAM MEDICAL COLLEGE AND RESEARCH FOUNDATION, THIRUVANANTHAPURAM | 5,60,000 | 20,00,000 |
| 19 | KANNUR MEDICAL COLLEGE, KANNUR | 5,60,000 | 20,00,000 |
| 20 | MES MEDICAL COLLEGE, PERINTHALMANNA | 5,60,000 | 20,00,000 |

സെക്ഷൻ ഓഫീസർ